HON'BLE MR. V. O. MARKOS : പുറമ്പോക്ക ഭൂമികളിൽ പറയും പൊലെ ആവശ്യത്തിനു ഉള്ളതാണ്. അതായതു് റോഡുകൾ, തോടുകൾ മുതലായവ ഉണ്ടാക്കുന്നതിനു് ആവശ്യമുള്ളവയാണ്. അതു താമസത്തിനു കൊടുക്കുന്നതിനു സാധ്യമല്ല. വളരെ ചുരുക്കം ഭാഗങ്ങൾ മാത്രമെ അങ്ങനെ കൊടുക്കാൻ സാധിക്കുകയുള്ളൂ. അതു് ഇപ്പോൾ കൊടുക്കുന്നുമുണ്ടു്?

MR. K. K. CHELLAPPAN PILLAI : സ്വന്തം ഭൂമി ഇല്ലാത്തവർ തിരുവിതാംകൂറിൽ എത്രപേർ ഉണ്ടു് ?

HON'BLE MR. V. O. MARKOS : ഗവണ്മെന്റിനു് അതേപ്പറ്റി ശരിയായ കണക്കുകൾ ഇല്ല. ബഹുമാനപ്പെട്ട മെമ്പറും മറ്റും പ്രസംഗിച്ചു കേട്ടിട്ടുണ്ടു്.

ഐക്യകേരളപ്രസ്ഥാനം.

*348. MR. P. C. GEORGE (*Pathanamthitta I—General*) : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

ഐക്യകേരളപ്രസ്ഥാനത്തെ ഇന്നാട്ടെ മന്ത്രിസഭ, പ്രത്യേകിച്ചു് പ്രധാനമന്ത്രിയും, മന്ത്രി, ശ്രീ. ഏ. ജെ. ജോണും അനുകൂലിച്ചു പ്രചരണം നടത്തിവരുന്നുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : മന്ത്രിസഭയോ, ഏതെങ്കിലും മന്ത്രിയോ ഔദ്യോഗികനിലയിൽ യാതൊരു പ്രചരണവും നടത്തിയിട്ടില്ല.

MR. A. P. UDAYABHANU : ഗവണ്മെന്റിന്റെ ഔദ്യോഗികപ്രസിദ്ധീകരണമായ ട്രാവൻകൂർ ഇൻഫർമേഷനിൽ ഇതിനെ സംബന്ധിച്ചുള്ള പ്രധാനമന്ത്രിയുടെ അഭിപ്രായം പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ?

HON'BLE MR. T. K. NARAYANA PILLAI : ഉണ്ടു്. എന്നാൽ 'വ്യക്തിപരമായി' എന്നു പറഞ്ഞാൽ അളുകൾക്കു് മനസ്സിലാക്കുവാൻ സാധിക്കുമെന്നാണു് എന്റെ വിശ്വാസം.

MR. P. T. CHACKO : Is it anything penal to speak in favour of Aikya Kerala for the Prime Minister of Travancore?

HON'BLE MR. T. K. NARAYANA PILLAI : I do not think there is anything penal to talk like that. But unfortunately Travancore Government has not said anything about it.

MR. ABDUL RAZAAK : Is it a fact that two State cars were placed at the disposal of Cochin Ministers who came to Alwaye in connection with the Aikya Kerala Conference?

HON'BLE MR. T. K. NARAYANA PILLAI : ഐക്യകേരളകൺവൻഷനു മന്ത്രിമാർ ആലുവായിൽ പോയിരുന്നു എന്നുള്ളതു് വാസ്തവമാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: Is it not a well recognised principle that Ministers of State should not express their individual opinion on Questions of State policy?

HON'BLE MR. T. K. NARAYANA PILLAI: അത് ഒരു "well recognised principle" ആണോ എന്ന മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

MR. P. S. NATARAJA PILLAI: Then how can one generally distinguish between the voice of the individual and that of the Prime Minister? Will it not be something like the Dewan President expressing his views both as President and as Dewan in a particular matter.

HON'BLE MR. T. K. NARAYANA PILLAI: ഞാൻ മുമ്പു പ്രസ്താവിച്ചതു പോലെ പ്രസംഗത്തിൽതന്നെ വ്യക്തിപരമാണെന്നു പറഞ്ഞാൽ അത് സാധാരണക്കാക്കു മനസ്സിലാകുമെന്നാണ് എന്റെ വിശ്വാസം.

MR. P. T. CHACKO: ഐക്യകേരളത്തെ അനുകൂലിച്ച ഒരു കക്ഷിയാണ് ഇന്നു അധികാരത്തിൽ ഇരിക്കുന്നതു് എന്നുള്ള വിവരം അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI: ഐക്യകേരളത്തെ ആ പാർട്ടി അനുകൂലിച്ച പ്രമേയം പാസ്സാക്കിയിട്ടുള്ളതു് വിസ്മരിക്കുന്നില്ല.

MR. P. T. CHACKO: ആ നിലയിൽ അതിനുവേണ്ടി പ്രചരണം നടത്തിയാൽ അതു് തെറ്റാകുമോ?

HON'BLE MR. T. K. NARAYANA PILLAI: തെറ്റാകുകയില്ല. പക്ഷെ അങ്ങിനെ പ്രചരണം നടത്തിയിട്ടില്ല.

MR. A. NESAMONY: May I ask if the speech of the Honourable Prime Minister at Madras was made in his unofficial capacity then how does it happen to be included in the official publication of the Travancore Information and Listener.

HON'BLE MR. T. K. NARAYANA PILLAI: അതു് വ്യക്തിപരമായ നിലയിൽതന്നെ ആയിരിക്കണം.

MR. A. P. UDAYABHANU: ട്രാവൻക്കൂർ ഇൻഫർമേഷൻ ആൻറ് ലിസനർ ഔദ്യോഗികപ്രസിദ്ധീകരണമായിരിക്കെ അതിൽ എങ്ങിനെയാണ് വ്യക്തിപരമായ പ്രസ്താവന പ്രസിദ്ധീകൃതമാകുന്നതു് ?

HON'BLE MR. T. K. NARAYANA PILLAI: That may be the description of the person who made the speech.

MR. P. T. CHACKO: ഗവൺമെൻറിന്റെ ഔദ്യോഗിക പ്രസ്താവനകൾ മന്ത്രിമാർ നടത്തുപറയുകയാണോ പതിവു് ?

HON'BLE MR. T. K. NARAYANA PILLAI: ഗവണ്മെൻറിന്റെ ഔദ്യോഗിക പ്രസ്താവനകൾ പ്രസ് നോട്ടുകൾ മുഖാന്തിരമാണു പ്രസിദ്ധീകൃതമാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY: Are we to take it that the official publication Travancore Information and Listener is only a diary of the Ministry?

HON'BLE MR. T. K. NARAYANA PILLAI: എന്നു ഞാൻ പറഞ്ഞില്ല. അങ്ങനെ എടുക്കുന്നതിൽ എനിക്ക് വിരോധവുമില്ല.

MR. CHIDAMBARANATHA NADAR: அப்படியானால் சென்ஷயில் சுற்றியசொற்பொழிவில், பிரதமருடைய வங்கள் பாஷையில் 'வெத்திபாமாகிய" அதாவது தனிப்பட்ட அபிப் பிராயம் என்றால், அந்த Travancore Information-ல் அது ஏன்வரவேண்டும்?

HON'BLE MR. T. K. NARAYANA PILLAI: അതിനു ഞാൻ ഇതിനു മുൻപേതന്നെ മറുപടി പറഞ്ഞു കഴിഞ്ഞു.

MR. ABDUL RAZAAK: Has the outburst of this particular individual ever appeared in the Travancore Information and Listener before?

HON'BLE MR. T. K. NARAYANA PILLAI: അതു ഇതിനു മുമ്പിലു ള്ളത് പോയിച്ചുനോക്കിയാൽ അറിയാം.

MR. N. V. CHACKO: Is not integration with Union or otherwise better in principle than disintegration?

HON'BLE MR. T. K. NARAYANA PILLAI: That is a matter of opinion.

MR. ABDUL AZIZ: ട്രാവൻകൂർ ഇൻഫർമേഷനിൽ മന്ത്രിമാരല്ലാത്ത വ്യക്തികളുടെ പ്രസംഗവും പ്രസിദ്ധം ചെയ്യാറില്ലേ?

HON'BLE MR. T. K. NARAYANA PILLAI: ഉണ്ട്. ധാരാളം ഉണ്ട്

MR. K. P. NILAKANTA PILLAI (*Chirayinkil I—General*): ട്രാവൻകൂർ ഇൻഫർമേഷനിൽ കാണുന്ന പ്രസ്താവനകളുടെ സൂക്ഷ്മതയെക്കുറിച്ച് ഗവണ്മെൻറിനു എന്തെങ്കിലും ഉത്തരവാദിത്വം ഉണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: ഇല്ലാ.

MR. K. S. JOSEPH: സർ, ഐക്യകേരളമാണോ ട്രാവൻകൂർ ഇൻഫർമേഷനാണോ ചോദ്യവിഷയം?

MR. PRESIDENT: ഐക്യകേരളമാണ്.

Nationalisation of salt industry.

* 349. MR. N. DANIEL JOSE (*Neyyattinkara III—S. I. U. C.*): Will the Hon'ble Minister for Excise be pleased to state:

(*a*) whether the Government propose to nationalise the salt industry; and

(*b*) if so when?

LIBRARY ARCHIVES Kerala Legislative Assembly